## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

### എസ്.ഐ മാരുടെ ബ്യൂറോ ഓഫ് എമിഗ്രേഷനിലെ ഡെപ്യൂട്ടേഷൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :248 08/02/2016-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ.എ.എ.അസീസ്

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവുംവിജിലൻസുംവകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പോലീസ് എസ്.ഐ-മാരിൽ നിന്നും ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് 100 സബ് ഇൻസ്പെക്ടർമാരെ ഡെപ്യൂട്ടേഷനിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | ഇപ്രകാരം ഡെപ്യൂട്ടേഷനിൽ എസ്.ഐ-മാരെ അയയ്ക്കുന്നത് ജനറൽ എക്സിക്യൂട്ടീവിൽ നിന്നാണോ; ഡിസ്ട്രിക്ട് ആംഡ് റിസർവ്വിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ; | ബി) ബ്യൂറോ ഓഫ് എമിഗ്രേഷനിലേക്ക് ഡെപ്യൂട്ടേഷനിൽ പോകാൻ താൽപര്യം പ്രകടിപ്പിക്കുന്ന എസ്.ഐ (ജി.ഇ/ആർ.എസ്.ഐ/ എ.പി.എസ്.ഐ) മാരുടെ വിവരങ്ങൾ സംസ്ഥാന പോലീസ് മേധാവി ബ്യൂറോ ഓഫ് എമിഗ്രേഷന് അയച്ചു കൊടുക്കും. അതിൽ നിന്ന് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് ബ്യൂറോ ഓഫ് എമിഗ്രേഷൻ അധികാരികളാണ്. |
| (സി) | 100 എസ്.ഐ മാർ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ പോലീസ് സേനയിൽ ഉണ്ടാകുന്ന കുറവ് എപ്രകാരമാണ് നികത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) നേരിട്ട് നിയമനം ലഭിച്ച എസ്.ഐ (ജി.ഇ) മാർ 6 മാസത്തിൽ കൂടിയ കാലാവധിയിൽ ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ